RCS/8644/2025-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം, തീയ്യതി 30-03-2026

**13/2026 സർക്കുലർ**

വിഷയം :- സഹകരണ വകുപ്പ് – സഹകരണ സംഘങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റ് അംഗീകരിക്കുന്നതിനുള്ള നിർദേശങ്ങൾ - സംബന്ധിച്ച്

പരാമർശം :- 1. സഹകരണ സംഘം രജിസ്ട്രാറുടെ 14-06-1999 ലെ 24/1999 നമ്പർ സർക്കുലർ

2. സഹകരണ സംഘം രജിസ്ട്രാറുടെ 19-05-1973 ലെ 13/1973 നമ്പർസർക്കുലർ

സംസ്ഥാന സഹകരണ സംഘം (ഭേദഗതി) നിയമം 2023, വകുപ്പ് 63 ലെയും, 64 ലെയും ആഡിറ്റ് സർട്ടിഫിക്കറ്റ് അംഗീകരിക്കുന്നതിനുള്ള വ്യവസ്ഥകളിൽ സമയക്രമത്തിൽ അടക്കം ഭേദഗതി നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം സർക്കുലറുകൾ പിൻവലിച്ചുകൊണ്ട് സഹകരണ സംഘങ്ങളുടെ ആഡിറ്റ് സർട്ടിഫിക്കറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം ചുവടെ ചേർക്കും പ്രകാരം നൽകുന്നു.

1. അപ്പെക്സ്സ് സഹകരണ സംഘങ്ങൾ, സെൻട്രൽ സഹകരണ സംഘങ്ങൾ, സഹകരണ മേഖലയിലെ ബോർഡുകൾ, സംസ്ഥാന സഹകരണ യൂണിയൻ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയും അതിന് മുകളിൽ വരുന്ന സമകാലീന (Concurrent) ആഡിറ്റർമാർ ആഡിറ്റ് ചെയ്യുന്ന സംഘങ്ങൾ വകുപ്പ് 63(6) പ്രകാരം ആഡിറ്റ് ഡയറക്ടർക്ക് വേണ്ടി അഡീഷണൽ ഡയറക്ടർ (ആഡിറ്റ്) ആഡിറ്റ് സർട്ടിഫിക്കറ്റ് അംഗീകരിക്കേണ്ടുന്നതാണ്.

2. അസിസ്റ്റന്റ് ഡയറക്ടർ ടീം മുതൽ ഡെപ്യൂട്ടി ഡയറക്ടർ ടീമിന് താഴെയുള്ള ടീം ആഡിറ്റ് ചെയ്യുന്ന സഹകരണ സംഘങ്ങൾ, ഫെഡറൽ സഹകരണ സംഘങ്ങൾ, സർക്കിൾ സഹകരണ യൂണിയൻ വകുപ്പ് 63(6) പ്രകാരം ആഡിറ്റ് ഡയറക്ടർക്ക് വേണ്ടി ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഡിറ്റ് സർട്ടിഫിക്കറ്റ് അംഗീകരിക്കേണ്ടതാണ്.

2.1. ഫെഡറൽ സഹകരണ സംഘത്തിന്റെ കാര്യത്തിൽ നിയമാവലി പ്രകാരം ആസ്ഥാനം ഏതു ജില്ലയിലാണോ പ്രസ്തുത ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആയിരിക്കണം ആഡിറ്റ് സർട്ടിഫിക്കറ്റ് അംഗീകരിക്കേണ്ടതാണ്.

3. മേൽ സൂചിപ്പിച്ചിട്ടുള്ള സഹകരണ സംഘങ്ങൾ ഒഴികെയുള്ള എല്ലാ യൂണിറ്റ് ആഡിറ്റ് ടീം, സ്പെഷ്യൽ ഗ്രേഡ് / സീനിയർ ആഡിറ്റർ ടീം നിർവ്വഹിക്കുന്ന ആഡിറ്റുകൾ വകുപ്പ് 63(6) പ്രകാരം ആഡിറ്റ് ഡയറക്ടർക്ക് വേണ്ടി അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഡിറ്റ് സർട്ടിഫിക്കറ്റ് അംഗീകരിക്കേണ്ടതാണ്.

4. സ്പെഷ്യൽ റിപ്പോർട്ടുകൾ 5 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും അഡീഷണൽ ഡയറക്ടർ (ആഡിറ്റ്) മാർക്കും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും അഡീഷണൽ രജിസ്ട്രാർ (ജനറൽ) മാർക്കും റിപ്പോർട്ട് ചെയ്യേണ്ടുന്നതും ആയതിന്റെ ഒരു കോപ്പി keralarcs.coop@kerala.gov.in എന്ന ഇമെയിലേക്ക് അയക്കേണ്ടതുമാണ്.

Dr. D SAJITH BABU IAS
REGISTRAR OF CO-OPERATIVE SOCIETIES

**പകർപ്പ് :-**

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) / അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റർ) മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) & ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
5. എല്ലാ സഹകരണ സംഘങ്ങൾക്കും (അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
6. വെബ്സൈറ്റ്
7. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

Digitally signed by
S Rajasree
Date: 30-03-2026
12:00:16

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)